# കേരള സർവകലാശാല

നം. പി.ആർ.019/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല 2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി ബോട്ടണി, ബയോ കെമിസ്ട്രി, കെമിസ്ട്രി, സുവോളജി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി അഞ്ച് മുതൽ അതതു കോളേജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പരീക്ഷ മാറ്റി

കേരള സർവകലാശാല ജനുവരി 24-ന് നടത്താനിരുന്ന രണ്ടാം വർഷ ബി.എസ്സി നഴ്സിംഗ് സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷ ജനുവരി 29-ലേക്ക് മാറ്റി. പരീക്ഷാ സമയത്തിന് മാറ്റമില്ല.

### അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിലെ മൂന്ന് വനിതാഹോസ്റ്റലുകളിലേക്കായി ദിവസവേതന (630 രൂപ) അടിസ്ഥാനത്തിൽ (89 ദിവസത്തേക്ക്) ശുചീകരണ ജോലിക്കും അടുക്കള ജോലിക്കുമായി വനിതകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ വെള്ളകടലാസിൽ വാർഡൻ, വനിതാ ഹോസ്റ്റൽ, കേരള സർവകലാശാല, കാര്യവട്ടം കൃമ്പസ് -695581 എന്ന മേൽവിലാസത്തിൽ എത്തിക്കേണ്ടതാണ്. ശ്രീകാര്യം മേഖലയിലെ കുടുംബശ്രീ യൂണിറ്റിലെ വനിതകൾക്കും സമീപവാസികൾക്കും മുൻഗണന നൽകുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 വൈകിട്ട് 4 മണി. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് ഫോൺ: 0471-2308808/9495518943.

### എം.ഫിൽ ഫലം

കേരള സർവകാലശാല 2017 ഒക്ടോബറിൽ നടത്തിയ 2016-2017 ബാച്ച് (സി.എസ്.എസ്) എം.ഫിൽ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, ഡെമോഗ്രാഫി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല ജനുവരി 29 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ച്ചർ), നാലാം സെമസ്റ്റർ എം.എഫ്.എ സ്കൾപ്ച്ചർ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ എം.എസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരി 30 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.എ എം.എസ് (പ്രാക്ടിക്കൽ) പരീക്ഷയുടെ വിശദവിവരങ്ങൾ വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും. അപേക്ഷകർ തിരുവനന്തപുരം ഗവ.ആയുർവേദ കോളേജ്, പൂജപ്പുര ഗവ. ആയുർവേദ കോളേജ് പഞ്ചകർമ്മ

ഹോസ്പിറ്റൽ, പൂജപ്പുര ഗവ. ആയുർവേദ കോളേജ് ഹോസ്പിറ്റൽ ഫോർ വിമൻ ആന്റ് ചിൽഡ്രൻ എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ ഹാജരാകേണ്ടതാണ്.

## എം.എ, എം.എസ്സി ഫലം

കേരള സർവകലാശാല 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സോഷ്യോളജി, എം.എ ഫിലോസഫി, എം.എസ്സി ഹോംസയൻസ്, എം.എസ്സി എൻവയോൺമെന്റൽ സയൻസ്, എം.എസ്സി സൈക്കോളജി, എം.എസ്.ഡബ്ല്യു പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
23.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**